# തൃപ്പടിദാനം ചെപ്പടിവിദ്യയോ?

ഡി. ബാബു പോൾ

ഇസ്രയേലിന്റെ രണ്ടാമത്തെ രാജാവാണ് മൂന്ന് നാല് സഹസ്രാബ്ദങ്ങൾ താണ്ടിയിട്ടും അവരുടെ മഹത്ത്വത്തിന്റെ പ്രതീകം. അധികാരം ഉറപ്പിക്കാൻ അദ്ദേഹം ചെയ്ത രണ്ട് കാര്യങ്ങൾ തന്റെ പട്ടാഭിഷേകം നടന്ന ഹെബ്റോനിൽ നിന്ന് തലസ്ഥാനം യരുശലേമിലേക്ക് മാറ്റിയതും തന്റെ അധികാരത്തിന് മേൽ ഈശ്വരന്റെ കൈയ്യൊപ്പുണ്ടെന്ന് സ്ഥാപിച്ചെടുത്തതും ആയിരുന്നു. പത്മനാഭപുരത്ത് നിന്ന് തലസ്ഥാനം മാറ്റിയത് പിന്നീടാണെങ്കിലും തിരുവനന്തപുരത്തിന്റെ പിൽക്കാല പ്രാധാന്യത്തിന് അടിത്തറ ഇട്ടത് മാർത്താണ്ഡവർമ്മയാണ്. എന്നാൽ അതിനെക്കാൾ പ്രധാനം മറ്റ് മൂന്ന് സംഗതികളത്രെ. ഒന്ന്, ദാവീദിനെ പോലെ ഈശ്വരനെ അധികാരസ്രോതസ്സായി അവതരിപ്പിച്ചത്. രണ്ട്, ബ്രിട്ടീഷുകാരുടെ സൗഹൃദത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞത്. മൂന്ന്, നായർ പ്രഭുക്കന്മാരെ അധികാര സോപനങ്ങളിൽ നിന്ന് അകറ്റി ബ്രാഹ്മണരെ കൂടുതലായി ആശ്രയിച്ചത്.

ഒടുക്കം പറഞ്ഞത് തുടക്കം ആവട്ടെ, ഹിരണ്യഗർഭം വഴി പൂണൂലിട്ട് ക്ഷത്രിയനായപ്പോൾ താൻ പഴയ നായരല്ല എന്ന് സ്ഥാപിക്കാൻ വേണ്ടിയാണ് മാർത്താണ്ഡവർമ്മ നായന്മാരെ ഒഴിവാക്കിയത് എന്ന് പറഞ്ഞിട്ടുള്ളവരുണ്ടെങ്കിലും അത് അത്ര ശരിയാണെന്ന് തോന്നുന്നില്ല. മാർത്താണ്ഡവർമ്മയുടെ കാലത്തിന് നൂറിലേറെ സംവത്സരങ്ങൾക്കപ്പുറം തന്നെ തിരുവിതാംകൂറിൽ ഹിരണ്യഗർഭം നടന്നിട്ടുള്ളതിന് തെളിവുണ്ട്. മാർത്താണ്ഡവർമ്മയെ അധികാരത്തിൽ നിന്ന് അകറ്റി നിർത്താൻ എട്ടുവീട്ടിൽ പിള്ളമാരും മാടമ്പിമാരും ശ്രമിച്ചതിൽ നിന്നാവണം രാജാവിന്റെ ഈദൃശ ചിന്തയുടെ തുടക്കം എന്നാണ് എന്റെ പക്ഷം. ആ തർക്കം മക്കത്തായവാദികളും മരുമക്കത്തായവാദികളും തമ്മിലുള്ള തർക്കത്തിന്റെ തുടർച്ചയാണ് എന്ന് പറഞ്ഞിട്ടുള്ള പണ്ഡിതന്മാരുണ്ട്. ''ഊരാളന്മാർ കേരളത്തിൽ പൊതുവേ പ്രബലരായിത്തീർന്നപ്പോൾ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ഊരാളന്മാരും രാജാവിനല്ല, തങ്ങൾക്കാണ് സർവ്വ അധികാരങ്ങളും എന്ന് വാദിക്കാൻ തുടങ്ങി''യതാണ് പിള്ളമാരും വേണാട്ടരചൻമാരും തമ്മിൽ മാർത്താണ്ഡവർമ്മയുടെ കാലം വരെ നടന്ന കലഹങ്ങളുടെ അടിസ്ഥാനം എന്ന് ഇളംകുളം നിരീക്ഷിച്ചിട്ടുണ്ട്. ഏതായാലും നായർ മേധാവിത്വത്തെ വരുതിയിലാക്കാൻ നിശ്ചയിച്ച രാജാവ് പരദേശബ്രാഹ്മണരെ താക്കോൽസ്ഥാനങ്ങളിൽ നിയമിച്ചു. രാമയ്യന് ശേഷം രാമയ്യന്റെ സഹായി ആയിരുന്ന അയ്യപ്പൻ മാർത്താണ്ഡൻ പിള്ള, മല്ലൻ ചെമ്പകരാമൻ പിള്ള, കൃഷ്ണൻ ചെമ്പകരാമൻപിള്ള, ചിറയിൻകീഴ് ചെമ്പകരാമൻ പിള്ള, പാറശ്ശാല പദ്മനാഭൻ ചെമ്പകരാമൻ പിള്ള, രാമൻ മേനോൻ, നാണുപിള്ള, എം.കൃഷ്ണൻനായർ, ഏതാനും ആഴ്ച പകരക്കാരനായ അമ്പലപ്പുഴ കൃഷ്ണപിള്ള, നാല് ദിവസം ഇൻചാർജ്ജായ ഡോക്ടർ കുഞ്ഞൻ പിള്ള, സി.പി.ക്ക് ശേഷം ഒരു വർഷം ദിവാൻ ആയിരുന്ന ഉണ്ണിത്താൻ ഇവരെയെല്ലാം കൂട്ടിയാലും രണ്ട് ശതാബ്ദത്തിനിടയിൽ ഇരുപതുവർഷം മാത്രമാണ് നായർ ദിവാൻമാർ ഭരിച്ചത്. വേലു – ഉമ്മിണി തമ്പിമാരെയും ഏഴും നാലും പതിനൊന്ന് വർഷം കേശവദാസനെയും (1789–99) ഒഴിവാക്കിയാൽ. ആ ഇരുപതിൽ തന്നെ രാമയ്യനും ധർമ്മരാജാവിനും പ്രീതിഭാജനമായിരുന്ന അയ്യപ്പൻ മാർത്താണ്ഡപിള്ള എട്ട് വർഷവും ആയില്യത്തിന്റെ വിശ്വസ്തനായിരുന്ന നാണുപിള്ള നാല് വർഷവും ഭരിച്ചത് മാറ്റിയാൽ തിരുവിതാംകൂറിലെ നായന്മാർക്ക് രാമൻ മേനോനും കൃഷ്ണൻനായരും വിദേശികളായിരുന്നു. ഒട്ടാകെ ദിവാൻ പദവി കിട്ടിയത് കഷ്ടിച്ച് അഞ്ചാറ് വർഷമാണ് എന്ന് കെ.പങ്കജാക്ഷൻ നായരുടെ 'ശ്രീവഞ്ചിരാജ്യചരിതം' നമ്മെ ബോധ്യപ്പെടുത്തുന്നു. മലയാളി മെമ്മോറിയലോളമോ അതിനുമിപ്പുറമോ നീണ്ടു മാർത്താണ്ഡവർമ്മയുടെ ഈ നയത്തിന്റെ പ്രഭാവം എന്നർത്ഥം.

എന്നാൽ നായർ സമുദായത്തെ തീർത്തും ഒഴിവാക്കാൻ രാജാവിന് കഴിയുമായിരുന്നില്ല. അതിന് അദ്ദേഹം കണ്ടുപിടിച്ച പ്രതിവിധി വിശ്വസ്തരായ നായന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു. ബ്രിട്ടീഷ് രാജാവ് 'സർ' സ്ഥാനം കൊടുക്കുമ്പോലെ മാർത്താണ്ഡവർമ്മ 'ചെമ്പകരാമൻ' എന്നൊരു പദവി സൃഷ്ടിച്ചു. എങ്ങനെയാണ് ഈ പദവി കൊടുക്കുന്നത് എന്ന് തിരുവിതാംകൂറിന്റെ ചരിത്രകാരനായ ശങ്കുണ്ണി മേനോൻ വിവരിക്കുന്നുണ്ട്. നല്ല നാൾ, നല്ല മുഹൂർത്തം നോക്കി മഹാരാജാവിന്റെ ദർബാറിൽ (''എല്ലാ ഉദ്യോഗസ്ഥന്മാരും സന്നിഹിതരായിരിക്കുന്ന സദസ്സിൽ'' എന്നാണ് മേനോന്റെ വാക്കുകളുടെ പരിഭാഷ) ഹാജരാക്കപ്പെടുന്നയാൾ എന്തുകൊണ്ട് പദവി അർഹിക്കുന്നു എന്ന് രാജാവ് തന്നെ വിശദീകരിക്കും. ''ഹിസ് ഹൈനസ് ഡലിവറിങ് എ ഷോർട്ട് സ്പീച്ച്....'' തുടർന്ന് 'ചെമ്പകരാമൻ' എന്ന് വിളിക്കും. ശേഷം ദളവയ്ക്കൊപ്പം കൊട്ടാരപ്പടിവാതിലിലേക്ക്. അവിടെ വച്ച് എട്ട് ഗജം (മൂന്നടി ഒരു ഗജം എന്ന് കണക്ക്. ഏതാണ്ട് ഏഴേകാൽ മീറ്റർ) വീരാളിപ്പട്ടും കോടിവസ്ത്രങ്ങളും ചെമ്പകരാമന് നൽകും. പിന്നെ മറ്റ് ചെമ്പകരാമന്മാരുടെയോ പ്രമുഖ വ്യക്തികളുടെയോ അകമ്പടിയുമായി ആനപ്പുറത്ത് കോട്ടയ്ക്കകത്തെ നാല് തെരുവുകളിലും വാദ്യമേളങ്ങളോടെ പുതിയ ചെമ്പകരാമന്റെ യാത്ര. തിരിച്ചെത്തിക്കഴിഞ്ഞാൽ ദളവയ്ക്കൊപ്പം ഇരുത്തി ഒരു വെള്ളിത്താമ്പാളത്തിൽ വെറ്റിലയും പാക്കും സ്വർണ്ണനിറമുള്ള ചെറുനാരങ്ങയും സമ്മാനിക്കും. അതോടെ ആൾ ചെമ്പകരാമനായി. പിന്നെ പേരിനോട് ചെമ്പകരാമൻപിള്ള എന്നുകൂടെ ചേർക്കണം. സുബ്ബയ്യൻ ദളവയുടെ കാലശേഷം ദളവ ആയ ഗോപാലയ്യന് കാര്യപ്രാപ്തി ഇല്ലാതിരുന്നതിനാൽ തമ്പി ചെമ്പകരാമൻപിള്ളയെ വലിയ സർവ്വാധികാര്യക്കാർ (''ഓർ ഡപ്യൂട്ടി പ്രൈം മിനിസ്റ്റർ'') ആയി നിയമിച്ച് ദളവയുടെ ചുമതലകൾ നിർവ്വഹിക്കുവാൻ നിയോഗിച്ചതും അദ്ദേഹം തികഞ്ഞ കാര്യക്ഷമതയോടെ 1773–ൽ ഒരു കണ്ടെഴുത്ത് നടത്തിയതും ചരിത്രമാണ്.

മറ്റൊരുദാഹരണം വലിയ ദിവാൻജി എന്ന രാജാകേശവദാസൻ. ഗവർണർജനറൽ ആയിരുന്ന മോണിങ്ടൺ പ്രഭു ആണ് ദിവാൻ കേശവപിള്ളയ്ക്ക് രാജ എന്ന ബഹുമതി നൽകിയത്. തന്റെ കഴിവുകളും രാജാവിന്റെ പ്രീതിയും ആയിരുന്നു കേശവദാസന്റെ ബലം. പരമ്പരാഗതമായ ആഢ്യത്വത്തിന്റെ അഹങ്കാരത്തിന് അദ്ദേഹത്തിന് വകയുണ്ടായിരുന്നില്ല.

മൂന്നാമത്തെയാൾ മാർത്താണ്ഡവർമ്മ ഒഴിവാക്കിയ നായർ പ്രതാപത്തിന്റെ പ്രതീകമായിരുന്നു. സാക്ഷാൽ വേലുത്തമ്പി. രാജാവ് ദുർബ്ബലനായിരുന്നതുകൊണ്ടാണ് തമ്പിക്ക് അധികാരത്തിലേറാനായത്. മാർത്താണ്ഡവർമ്മയുടെയോ ധർമ്മരാജാവിന്റെയോ കാലത്ത് രാമയ്യൻ ദളവായെ മാറ്റി തന്നെ ദളവയാക്കണം എന്ന് ആവശ്യപ്പെടുന്ന കാര്യം ഒരു തിരുവിതാംകൂറിന് സ്വപ്നേപി ചിന്തിക്കാനാവുമായിരുന്നില്ല. ''ദ് റിഫ്ലക്സ് റിസൽട്ട് ഓഫ് ദ് റൂൾ ഓഫ് എ വീക്ക് സോവറിൻ'' എന്നാണ് നാഗമയ്യ വേലുത്തമ്പിയെക്കുറിച്ച് പറയുന്നത്.

ഇങ്ങനെ ഒരു സാഹചര്യവും (ജയന്തൻ നമ്പൂതിരിയോ വേലുത്തമ്പിയോ അവരുടെ നന്മതിന്മകളോ അല്ല വിഷയം. രാജാവ് നിയമിച്ച ദളവായെ കൊട്ടാരത്തെ വെല്ലുവിളിക്കുന്ന മാടമ്പിമാർ സംഘടിച്ച് ഒരു വിമോചനസമരം നടത്തി പിരിച്ചുവിടുന്ന സമ്പ്രദായം) മാർത്താണ്ഡവർമ്മ മുൻകൂട്ടി കണ്ടിരുന്നു എന്നതാണ് നേരത്തെ സൂചിപ്പിച്ച രണ്ടാമത്തെ കാര്യം.

1758 ജൂലായ് മാസത്തിൽ – കൊല്ലവർഷം 933 മിഥുനം 27 ആണ് തീയതി – തന്റെ അന്ത്യം അടുത്തു എന്ന് ഗ്രഹിച്ച മാർത്താണ്ഡവർമ്മ പിൻഗാമിയും അനന്തരവനും ആയ ധർമ്മരാജാവിന് ഏഴ് കല്പനകൾ നൽകിയതായി നാം വായിക്കുന്നുണ്ട്. (ക) തൃപ്പടി

